പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 757** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പഠനമുറിയ്ക്കുള്ള ധനസഹായം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. എ. കെ. എം. അഷ്‌റഫ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. ടി. വി. ഇബ്രാഹിം

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം ഏതു ക്ലാസ്സുവരെയുള്ളവർക്കാണ് നൽകിവരുന്നതെന്നും അതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ ഗവൺമെന്റ് / എയ്ഡഡ് / സ്പെഷ്യൽ /ടെക്നിക്കൽ/കേന്ദ്രീയ വിദ്യാലയങ്ങളിൽ 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് പഠനമുറി ധനസഹായം അനുവദിക്കുന്നത്. നടപ്പുവർഷം 5000 ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

12-ാം ക്ലാസ്സിൽ പഠിക്കുന്നവർക്കും ഒരു കിടപ്പുമുറി മാത്രമുള്ള വീടുള്ളവർക്കും വിധവ/വിഭാര്യൻ നയിക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കും മാരകമായ രോഗം ബാധിച്ച രക്ഷിതാക്കൾ ഉള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കും ഒന്നിലധികം പെൺകുട്ടികൾ വിദ്യാർത്ഥികൾ ആയുള്ള കുടുംബത്തിനും വരുമാനം കുറവുള്ളവർക്കും മുൻഗണന നൽകുന്നതാണ്. 120 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ആയിരിക്കണം പഠനമുറി നിർമ്മിക്കേണ്ടത്. എന്നാൽ ഒരു ഘട്ടത്തിലും 100 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ കുറയാൻ പാടുള്ളതല്ല. കുടുംബ വാർഷികവരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ളവർക്കാണ് ഈ ആനുകൂല്യം ലഭിക്കുക. 800 ചതുരശ്ര അടി വിസ്തീർണ്ണം എന്നുള്ള മാനദണ്ഡം 1000 ചതുരശ്ര അടി വിസ്തീർണ്ണം വരെ എന്നാക്കി ഈ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**(ബി)** നിലവിൽ നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ നൽകി വരുന്ന ധനസഹായം 2 ലക്ഷം രൂപയാണ്. ധനസഹായ തുക വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**